"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലുവ നഗരസഭ - നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ കേസ് - വക്കീൽ ഫീസിനത്തിൽ ആലുവ നഗരസഭ തുക നൽകിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1667/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/09/2020**

---

പരാമർശം:- 1 18/02/2016 ലെ സ.ഉ(എം.എസ്) നം. 36/16/തസ്വഭവ നമ്പർ ഉത്തരവ്

2 നഗരകാര്യ ഡയറക്ടറുടെ 20/12/2019 ലെ എൽ-16723/18 നമ്പർ കത്ത്.

**ഉത്തരവ്**

വ്യവസായ മാലിന്യങ്ങൾ പെരിയാറിലേയ്ക്ക് ഒഴുക്കുന്നതുമായി ബന്ധപ്പെട്ട് നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ ചെന്നൈ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള 389/2013 നമ്പർ കേസിൽ ആലുവ നഗരസഭയ്ക്ക് വേണ്ടി ഹാജരായ എറണാകുളത്തെ അഡ്വക്കേറ്റ് അബൂബക്കറിന് ട്രാവലിംഗ് അക്കോമഡേഷൻ & എക്സ്പെൻസ് ഇനത്തിൽ 78500/-രൂപ നഗരസഭാ കൗൺസിൽ തീരുമാനപ്രകാരം നൽകിയിട്ടുണ്ട്. പരാമർശം 1 ലെ ഉത്തരവ് പ്രകാരം 50,000/- രൂപയ്ക്ക് മുകളിലുള്ള തുക വക്കീൽ ഫീസായി ചെലവഴിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കേണ്ടതിനാൽ അഡ്വക്കേറ്റിന് ഫീസിനത്തിൽ നൽകിയ 78500/- രൂപയ്ക്ക് സാധൂകരണം നൽകുന്നതിന് ആലുവ നഗരസഭയുടെ കൗൺസിൽ തീരുമാനങ്ങൾ നഗരകാര്യ ഡയറക്ടർ പരാമർശം 2 പ്രകാരം ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ ചെന്നൈ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള 389/2013 നമ്പർ കേസിൽ അഡ്വക്കേറ്റ് ഫീസിനത്തിൽ ആലുവ നഗരസഭയിൽ നിന്നും 78500/-രൂപ (എഴുപത്തെട്ടായിരത്തി അഞ്ഞൂറ് രൂപ ) അഡ്വക്കേറ്റ് അബൂബക്കറിന് നൽകിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുനിത ഐ

ഡെപ്യൂട്ടിസെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, ആലുവ നഗരസഭ

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Validity unknown

Digitally signed by S BINDU
Date: 2020.09.16 11:28:19 IST
Reason: Approved